# കാളിയാങ്കൽ വലിയ വീട്ടിൽ കുടുംബയോഗം

## പുത്തൻകാവ്, ചെങ്ങന്നൂർ



**2026 മെയ് 1 വെള്ളി**

**48-ാം വാർഷിക സമ്മേളന അറിയിപ്പും**
**പ്രവർത്തന റിപ്പോർട്ടും**
**2025-26 ലെ വരവ് ചിലവ് കണക്കും**
**2026 -27 ലെ ബഡ്ജറ്റും**

www.valiyaveettilputhencavu.org

# Managing Committee Members 2024 - 26



# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം
# പുത്തൻകാവ്
# 48-ാം വാർഷിക സമ്മേളന നോട്ടീസ്

പ്രിയ കുടുംബാംഗങ്ങളേ,

നമ്മുടെ കുടുംബയോഗം പുനരുദ്ധരിക്കപ്പെട്ടതിനുശേഷം നടത്തുന്ന 48-ാം വാർഷിക സമ്മേളനം 2026 മെയ് മാസം 1-ാം തീയതി വെള്ളിയാഴ്ച രാവിലെ 7.00 ന് ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ വിശുദ്ധ കുർബാനാനന്തരം ഞാലുംമൂട്ടിൽ ശാഖയുടെ ആഭിമുഖ്യത്തിൽ ആറാട്ടുപുഴ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ വെച്ച് കുടുംബയോഗം പ്രസിഡന്റ് **ശ്രീ. ഈപ്പൻ ചെറിയാൻ** അവറുകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതാണ്. പ്രസ്തുത സമ്മേളനം **ജസ്റ്റിസ് ബെഞ്ചമിൻ കോശി** ഉദ്ഘാടനം നിർവ്വഹിക്കുന്നതും **ഡോ. കെ. മാത്യു ഉലുവത്ത്** മുഖ്യ പ്രഭാഷണം നടത്തുന്നതുമാണ്.

തമ്മിൽ തമ്മിൽ കാണുവാനും സന്തോഷം പങ്കിടുവാനുമുള്ള സുവർണ്ണാവസരമായ ഈ ഒത്തുകൂടൽ സംരംഭത്തിൽ എല്ലാ കുടുംബാംഗങ്ങളും വന്ന് ചേരാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

എന്ന്

കോശി.കെ. ഉമ്മൻ
സെക്രട്ടറി

പുത്തൻകാവ്
01-04-2026

### പ്രത്യേക ശ്രദ്ധക്ക്

01-05-2026 വെള്ളിയാഴ്ച രാവിലെ 7.00 മണിക്ക് ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ വി. കുർബാനക്ക് ശേഷം തരംഗം സെന്ററിൽ പ്രഭാതഭക്ഷണം ഉണ്ടായിരിക്കുന്നതും തുടർന്ന് 10.00 മണിക്ക് പൊതുസമ്മേളനം ആരംഭിക്കുന്നതുമാണ്.

## പ്രോഗ്രാം

## 01/05/2026 വെള്ളി

| | |
|---|---|
| 7.00 am | : **വി.കുർബാന, ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ** |
| 9.00 to 9.30 am | : രജിസ്ട്രേഷൻ / പ്രഭാത ഭക്ഷണം |
| 9.30 am | : പൊതുസമ്മേളനം |
| അദ്ധ്യക്ഷൻ | : **ശ്രീ. ഈപ്പൻ ചെറിയാൻ** (കുടുംബയോഗം പ്രസിഡന്റ്) |
| പ്രാർത്ഥനാ ഗാനം | : **ലേഡീസ്  വിംഗ് അംഗങ്ങൾ** |
| ബൈബിൾ വായന | : **ശ്രീമതി. ഷൈനി കോശി** (ലേഡീസ് വിംഗ് പ്രസിഡന്റ്) |
| പ്രാർത്ഥന | : |
| അനുശോചനം | : 2025 ലെ വാർഷിക സമ്മേളനത്തിനു ശേഷം നിര്യാതരായ കുടുംബാംഗങ്ങളെ അനുസ്മരിക്കുന്നു. |
| സ്വാഗത പ്രസംഗം | : **പ്രൊഫ. Dr. ശാന്തി ജോർജ്** |
| അദ്ധ്യക്ഷ പ്രസംഗം | : **ശ്രീ. ഈപ്പൻ ചെറിയാൻ** |
| ഉദ്ഘാടനം | : **ജസ്റ്റിസ് ബെഞ്ചമിൻ കോശി** |
| മുൻ വാർഷിക റിപ്പോർട്ട് | : **ശ്രീ. കോശി കെ. ഉമ്മൻ** (കുടുംബയോഗം സെക്രട്ടറി) |
| മുഖ്യ പ്രഭാഷകനെ പരിചയപ്പെടുത്തൽ | : **ശ്രീ. പി.സി മാത്യൂസ്** |
| മുഖ്യ പ്രഭാഷണം | : **ഡോ. കെ. മാത്യൂ ഉലുവത്ത്** (ഡയറക്ടർ, മൗണ്ട് സീയോൻ ഗ്രൂപ്പ്) |
| **മാജിക് മെന്റലിസം ഷോ:** | **ആൽവിൻ റോഷൻ** (ഗിന്നസ് വേൾഡ് റെക്കാർഡ് ഹോൾഡർ) |
| ആശംസാ പ്രസംഗം | : **റവ.ഫാ. ഡോ ഇഗ്നേഷ്യസ്** തങ്ങളത്തിൽ OIC<br>**വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പ** (മുഖ്യ രക്ഷാധികാരി)<br>**റവ. ഫാ. പി. കെ കോശി** (രക്ഷാധികാരി)<br>**റവ. തോമസ് സക്കറിയ** (ഡയറക്ടർ, തരംഗം)<br>**റവ. ഫാ. തോമസ് ജോസഫ്** (രക്ഷാധികാരി)<br>**റവ.ഫാ.സുനിൽ ജോസഫ്** (വികാർ, സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ച് ആറാട്ടുപുഴ) |

## സ്വയം പരിചയപ്പെടുത്തൽ :

| | | |
|---|---|---|
| പൊന്നാട അണിയിക്കൽ | : | 75 വയസ്സ് തികഞ്ഞ കുടുംബാംഗങ്ങൾക്ക് (മുൻപ് ലഭിക്കാത്തവർക്ക്) |
| അനുമോദനം | : | പി.എച്ച്.ഡി കരസ്ഥമാക്കിയ കുടുംബാംഗങ്ങൾക്ക് |
| പാരിതോഷിക വിതരണം | : | അർഹരായ വിദ്യാർത്ഥികൾക്ക് ഉന്നത മാർക്കിന്റെ അടിസ്ഥാനത്തിൽ |
| 2025-26 ലെ കണക്ക് | : | **ശ്രീ.ജോൺ ഈപ്പൻ** (കുടുംബയോഗം ട്രഷറർ) |
| ഓഡിറ്റ് റിപ്പോർട്ട് | : | **ശ്രീ. അഭിലാഷ് ചെറിയാൻ / ശ്രീ. സിസിൽ ജേക്കബ് ചെറിയാൻ** |

## 2026-27 ലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ്

| | | |
|---|---|---|
| കാര്യാലോചന | : | വാർഷിക സമ്മേളനം 2027 |
| സമ്മാനദാനം | : | കലാപരിപാടികൾ അവതരിപ്പിച്ചവർക്ക് |
| ഉപസംഹാരം | : | |
| കൃതജ്ഞത | : | **ശ്രീ. കോശി കെ. ഉമ്മൻ** (കുടുംബയോഗം സെക്രട്ടറി) |

പ്രാർത്ഥന, ആശീർവാദത്തോട് കൂടി യോഗം അവസാനിക്കുന്നതും ഉച്ചഭക്ഷണത്തിനു വേണ്ടി പിരിയുന്നതുമാണ്. സമ്മേളനത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നവർ മുൻകൂട്ടി സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. പതിവു പോലെ ലേഡീസ് വിംഗിന്റെ സ്റ്റാൾ ഉണ്ടായിരിക്കുന്നതാണ്.



# പ്രസിഡന്റിന്റെ സന്ദേശം

"സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായി
പൂണ്ട് ബഹുമാനിക്കുന്നതിൽ അന്യോന്യം
മുന്നിട്ടു കൊൾവിൻ" (റോമർ 12:10)

സഹോദരസ്നേഹത്തിൽ പരസ്പരം സ്നേഹിക്കുക, ബഹുമാനത്തിൽ ഒരുവൻ മറ്റൊരുവനെ മുൻപനാക്കുക എന്ന ദൈവവചനം നമ്മെ പഠിപ്പിക്കുന്നത് സ്നേഹവും ബഹുമാനവും കൂടിയ ഒരു ജീവിതമാണ് ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത് എന്നതാണ്.

നമ്മുടെ കുടുംബയോഗത്തിലും, ഓരോ അംഗവും മറ്റൊരാളെ ബഹുമാനത്തോടെ സമീപിക്കുകയും സഹോദര സ്നേഹത്തോടെ കൈ കോർക്കുകയും ചെയ്താൽ നമ്മുടെ ഐക്യം കൂടുതൽ ശക്തമാകും. നിസ്വാർത്ഥ സ്നേഹവും പരസ്പര ബഹുമാനവും തന്നെയാണ് ഒരു സംഘടനയുടെ യഥാർത്ഥ ശക്തി.

നമ്മുടെ കുടുംബയോഗത്തിന്റെ ശക്തി, എണ്ണത്തിൽ മാത്രമല്ല ഐക്യത്തിലും കൂടിയാണ്. പരസ്പരം ബഹുമാനിക്കുന്ന മനസ്സും ആത്മാർത്ഥതയുമാണ് നമ്മെ ഉയർത്തുന്നത്. ബഹുമാനവും സ്നേഹ വും നിലനിൽക്കുമ്പോഴാണ് കുടുംബ ബന്ധങ്ങൾ ദൃഢമാകുന്നത്. വിനയവും സഹോദര സ്നേഹവും നമ്മുടെ ബന്ധങ്ങളെ കൂടുതൽ ശക്തമാക്കുന്നു. അങ്ങനെ ആയാൽ നമ്മുടെ ഐക്യം വലിയ അനുഗ്രഹമാകും. അപ്രകാരം ഉള്ള ഒരു മനോഭാവം നമ്മിൽ ഏവരിലും ഉണ്ടാകട്ടെ.

കുടുംബയോഗം ഒരു സംഘടന മാത്രമല്ല, അത് നമ്മുടെ വേരുകളെ ഓർമ്മിപ്പിക്കുന്ന ആത്മബന്ധമാണ്. തലമുറകളെ ബന്ധിപ്പിച്ച് മൂല്യങ്ങളും വിശ്വാസങ്ങളും പാരമ്പര്യങ്ങളും കൈമാറുന്ന ഒരു ശക്തമായ വേദിയുമാണ്. ഐക്യത്തിലും സ്നേഹത്തിലൂടെയുമാണ് സമൂഹത്തിന്റെ ശക്തി വളരുന്നത്. അതിനായി നമുക്ക് പരിശ്രമിക്കാം.

കഴിഞ്ഞ രണ്ടു വർഷക്കാലം നമ്മുടെ കുടുംബയോഗത്തിന്റെ പ്രസിഡന്റായി സേവനം ചെയ്യുവാൻ അവസരം ലഭിച്ചത് ദൈവകൃപയായി ഞാൻ കരുതുന്നു. ഈ കാലഘട്ടത്തിൽ ചിരകാലമായി നാം ആഗ്രഹിച്ചിരുന്ന നമ്മുടെ കുടുംബചരിത്രത്തിന്റെ പുനപ്രസിദ്ധീകരണം വിജയകരമായി പൂർത്തീകരിക്കാൻ സാധിച്ചു എന്നത് ഏറെ സന്തോഷ പ്രദമായ കാര്യമാണ്. ഇതിന്റെ പിന്നിൽ എന്നോടൊപ്പം പ്രവർത്തിച്ച ഏവരേയും ഈ അവസരത്തിൽ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയും അവരോടുള്ള കടപ്പാട് അറിയിക്കുകയും ചെയ്യുന്നു.

എന്നാൽ ആയതിന്റെ ഇംഗ്ലീഷ് പതിപ്പു കൂടി പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിച്ചിരുന്നെങ്കിലും ആയത് സാധിക്കാനായില്ല. ഭാവിയിൽ അതും പൂർത്തീകരിക്കും എന്ന് എനിക്ക് പ്രതീക്ഷയുണ്ട്. ആയതിനുള്ള പ്രവർത്തനങ്ങൾ തുടരട്ടെ എന്ന് ആശംസിക്കുന്നു. ഏറെ പരിമിതിക്കുള്ളിൽ നിന്നു കൊണ്ടാണെങ്കിലും നമ്മുടെ ചാരിറ്റി പ്രവർത്തനങ്ങൾ ഏറെക്കുറെ ചെയ്യുവാൻ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്.

പ്രായമായവരെയും ആരോഗ്യപ്രശ്നങ്ങൾ ഉള്ള നമ്മുടെ കുടുംബാംഗങ്ങളെയും സന്ദർശിച്ച് ആശ്വസിപ്പിക്കുന്നതിനായി ഒരു Sub Committee രൂപീകരിക്കുകയും കമ്മറ്റിയിൽപ്പെട്ടവരും ഭാരവാഹികളും ചേർന്ന് ആയവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ നമ്മുടെ അംഗങ്ങളുടെ നിര്യാണത്തിൽ ഭവനങ്ങളിൽ എത്തി സംസ്ക്കാര ചടങ്ങുകളിൽ സംബന്ധിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നുണ്ട്. അതുപോലെ തന്നെ വിവാഹങ്ങൾ പോലുള്ള സന്തോഷ വേളയിൽ സജീവമായി നവദമ്പതികൾക്ക് ആശംസകൾ നേരുന്നതിനും കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ ലേഡീസ് വിംഗിന്റെയും കമ്മറ്റി അംഗങ്ങളുടേയും സജീവ സഹകരണത്തോടു കൂടി വിനോദയാത്രകളും വിജയകരമാക്കാൻ സാധിച്ചു എന്നുള്ളതും സന്തോഷപ്രദമാണ്. നമ്മുടെ രക്ഷാധികാരികളായ ബഹുമാനപ്പെട്ട വൈദീക ശ്രേഷ്ഠരുടേയും കമ്മറ്റി അംഗങ്ങളുടേയും ലേഡീസ് വിംഗ് പ്രവർത്തകരുടെയും പരിപൂർണ്ണമായ സഹകരണം ആണ് ഈ നേട്ടങ്ങളുടെ അടിസ്ഥാനം എന്നുള്ളത് നന്ദിയോടെ ഈ അവസരത്തിൽ സ്മരിക്കുന്നു.

കഴിഞ്ഞ പത്തു വർഷക്കാലത്തോളം പല തവണകളായി നമ്മുടെ കുടുംബയോഗത്തിന്റെ പ്രസിഡന്റായി സേവനം അനുഷ്ഠിക്കുവാൻ സാധിച്ചത് എന്റെ ഭാഗ്യമായി ഞാൻ കരുതുന്നു. വരുന്ന മെയ് 1-ാം തീയതി നടക്കാനിരിക്കുന്ന വാർഷിക പൊതുയോഗത്തിൽ തിരഞ്ഞെടുക്കുവാൻ പോകുന്ന നമ്മുടെ യുവ പ്രതിഭകൾ ഇതിന്റെ നേതൃത്വം ഏറ്റെടുക്കട്ടെ എന്നതാണ് എന്റെ ഹൃദയാഭിലാഷം. വാർദ്ധ്യകൃത്തിന്റെ ആലസ്യത്താൽ കുടുംബയോഗത്തെ മുന്നോട്ട് നയിക്കുവാൻ പ്രാപ്തിയില്ല എങ്കിലും തുടർന്നുള്ളഎല്ലാ പ്രവർത്തനങ്ങളിലും കുടുംബയോഗത്തോടൊപ്പം ഞാനും ഉണ്ടാകും .

ഈ കഴിഞ്ഞ കാലഘട്ടത്തിൽ ഏവരും എനിക്കു നൽകിയ എല്ലാ സ്നേഹത്തിനും സഹകരണത്തിനും ഹൃദയം നിറഞ്ഞ നന്ദി ഒരിക്കൽ കൂടി അറിയിച്ചു കൊള്ളുന്നു .

എന്ന്,

**ഈപ്പൻ ചെറിയാൻ**

# കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം 47-ാം വാർഷികയോഗ റിപ്പോർട്ട് (2024-25)



കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗത്തിന്റെ 47-ാം വാർഷികം 2025 മെയ് മാസം 1-ാം തീയതി കല്ലുങ്കൽ ശാഖയുടെ ആതിഥേയത്വത്തിൽ ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ രാവിലെ ഏഴുമണിയ്ക്ക് കുടുംബയോഗം രക്ഷാധികാരി റവ.ഫാ.സാമുവേൽ റ്റി. ജോർജ്ജിന്റെ മുഖ്യകാർമ്മികത്വത്തിലും മുഖ്യ രക്ഷാധികാരി വെരി. റവ.മാത്യു തോമസ് കോർ എപ്പിസ്കോപ്പയുടെ സഹകാർമികത്വത്തിലും വിശുദ്ധ കുർബാനയും തുടർന്ന് ധൂപപ്രാർത്ഥനയും നടത്തി ആരംഭിച്ചു.

പള്ളി ഓഡിറ്റോറിയത്തിൽ പ്രഭാത ഭക്ഷണത്തെ തുടർന്ന് രജിസ്ട്രേഷൻ നടന്നു. അതിനു ശേഷം പത്തു മണിയോടുകൂടി കുടുംബയോഗം പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു.

ശ്രീമതി നീതു ഐസക് യോഗത്തിന്റെ മാസ്റ്റർ ഓഫ് സെറിമണി ആയിരുന്നു.

ലേഡീസ് വിംഗ് അംഗങ്ങളുടെ പ്രാർത്ഥനാഗാനത്തിന്റെയും പ്രൊഫ: ലീലാമ്മ ചെറിയാന്റെ വേദപുസ്തകവായനയുടെയും ശേഷം കുടുംബയോഗം മുഖ്യരക്ഷാധികാരി വെരി.റവ. മാത്യുതോമസ് കോർ എപ്പിസ്കോപ്പയുടെ നേതൃത്വത്തിൽ പ്രാർത്ഥിച്ചു.

**അനുശോചനം :** സെക്രട്ടറി ശ്രീ കോശി ഉമ്മൻ 2024 മെയ് മുതൽ 2025 ഏപ്രിൽ വരെയുള്ള കാലയളവിൽ വാങ്ങിപ്പോയ കുടുംബാംഗങ്ങളുടെ പേര്വിവരങ്ങൾ വായിച്ചു.യോഗാംഗങ്ങൾ എഴുന്നേറ്റ് നിന്ന് പ്രാർത്ഥന നടത്തി അനുശോചനം രേഖപ്പെടുത്തി.

**സ്വാഗത പ്രസംഗം :** റവ. ഫാ. സാമുവേൽ റ്റി ജോർജ് തന്റെ സ്വാഗത പ്രസംഗത്തിൽ നാം ഏതാനും തലമുറകൾക്ക് മുൻപ് ഒരേ അപ്പനും അമ്മയ്ക്കും ജനിച്ച മക്കൾ ആണ് എന്നും ആയതിനാൽ ധാർമിക ബോധമുള്ളവരായി വളരേണം എന്നും ആഹ്വാനം ചെയ്തുകൊണ്ട് ഏവർക്കും സ്വാഗതം ആശംസിച്ചു.

**ഉദ്ഘാടനം :** തുടർന്ന് ജസ്റ്റിസ് ബെഞ്ചമിൻ കോശി തന്റെ ഉദ്ഘാടനപ്രസംഗത്തിൽ താനും കല്ലുങ്കൽ ശാഖയുടെ ഒരു അംഗം ആണെന്നും നാം അടുത്ത തലമുറയ്ക്ക് വേണ്ടി പ്രാർത്ഥിക്കണമെന്നും പറഞ്ഞു.

ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ്പ് ഒരു മിഥ്യ അല്ലെന്നും മരണമില്ലാത്ത അവസ്ഥയിലേക്ക് കൊണ്ടുവരുന്നത് ക്രിസ്തു ആണെന്നും പറഞ്ഞു. പ്രാർത്ഥിക്കുന്ന കുടുംബജീവിതം ഉണ്ടാകണ മെന്ന ആഹ്വാനത്തോട് കൂടി സമ്മേളനം തിരി തെളിയിച്ചു ഉദ്ഘാടനം ചെയ്തു.

**അദ്ധ്യക്ഷപ്രസംഗം:** കുടുംബയോഗം പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാൻ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഈ കുടുംബയോഗത്തിന്റെ ആവശ്യം ഉണ്ട് എന്ന് നമ്മുടെ പൂർവ്വികർ ചിന്തിച്ചതുകൊണ്ടാണ് കഴിഞ്ഞ 46 വർഷമായി ഇത് നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നതെന്നും എല്ലാ മാസവും മുടക്കം കൂടാതെ കമ്മറ്റി മീറ്റിംഗ് നടത്തുന്നുണ്ടെന്നും ഓർമ്മിപ്പിച്ചു. കഴിഞ്ഞ വർഷം ചരിത്ര പുസ്തകം പുനഃപ്രസിദ്ധീകരിക്കുവാൻ സാധിച്ചു എന്നും അടുത്ത ലക്ഷ്യം അതിന്റെ ഒരു ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിക്കണം എന്നതാണെന്നും പ്രസിഡന്റ് പറഞ്ഞു. ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരിക്കുന്നതിനെ കുറിച്ച് പ്രസിഡന്റ് വിശദീകരിച്ച് ആവശ്യകത ബോദ്ധ്യപ്പെടുത്തി. ആയത് പ്രസിദ്ധീകരിക്കണം എന്ന ആവശ്യം യോഗം അംഗീകരിച്ചു.

**വാർഷിക റിപ്പോർട്ട്:** തുടർന്ന് സെക്രട്ടറി ശ്രീ. കോശി കെ. ഉമ്മൻ അവതരിപ്പിച്ച മുൻ വാർഷിക റിപ്പോർട്ടും 2024-25 വർഷത്തെ പ്രവർത്തന റിപ്പോർട്ടും യോഗം അംഗീകരിച്ചു.

**മുഖ്യ പ്രഭാഷണം :** തുടർന്ന് ശ്രീമതി സരളാ സ്റ്റീഫൻ മുഖ്യഅതിഥി രാജയോഗിനി ബ്രഹ്മകുമാരി ഉഷാ ബെഹനെ യോഗത്തിന് പരിചയപ്പെടുത്തി.

മുഖ്യപ്രഭാഷണത്തിൽ രാജയോഗിനി ബ്രഹ്മകുമാരി ഉഷാ ബെഹൻ ഈശ്വരനോട് നിസ്വാർത്ഥമായ സ്നേഹം ഉണ്ടാകണമെന്നും ലോകം ഒരു കുടുംബം ആണെന്നും ഓർമിപ്പിച്ചു. മനസ്സിനെ സ്വസ്ഥമാക്കണമെന്നും നമുക്ക് സാധിക്കുന്നത് നമ്മൾ ചെയ്തതിന് ശേഷമുള്ളവ ഈശ്വരനെ ഏൽപ്പിക്കണം എന്നും പറഞ്ഞു. മനസ്സിനെ ശാന്തമാക്കണമെന്നും ക്രിയാത്മകമായ ചിന്തകൾ കൊണ്ട് മനസ്സിനെ മാറ്റിയെടുക്കണമെന്നും മുഖ്യപ്രഭാഷക ഉത്ബോധിപ്പിച്ചു.നാം കഴിഞ്ഞകാല ജീവിതത്തെ കുറിച്ച് ചിന്തിച്ച് ആകുലപ്പെടാതെ പ്രത്യാശയോടുകൂടി ഭാവി ജീവിതത്തെ കാണണമെന്നും വർത്തമാനകാലത്തിൽ ജീവിക്കണമെന്നും പറഞ്ഞു.

**പ്രമേയ അവതരണം :** കാളിയാങ്കൽ വലിയവീട്ടിൽ കുടുംബ യോഗത്തിന്റെ **KYC updation** സാധ്യമല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ **Close** ചെയ്ത് മൊത്തമായി ഒരുസ്ഥിരനിക്ഷേപ അക്കൗണ്ടായി നിലനിർത്തുന്നതിനായി സെക്രട്ടറി അവതരിപ്പിച്ച പ്രമേയം യോഗം അംഗീകരിച്ചു.

**സ്വയം പരിചയപ്പെടുത്തൽ :** കുടുംബയോഗത്തിന്റെ ഓരോ ശാഖയിലും പെട്ടവർ എഴുന്നേറ്റ് നിന്ന് സദസ്സിന് പരിചയപ്പെടാൻ സാഹചര്യം ഒരുക്കി.

**ആദരിക്കൽ:** താഴെ പേര് പറയുന്ന 75 വയസ്സ് പൂർത്തിയാക്കിയ 17 കുടുംബാംഗങ്ങളെ പൊന്നാട നൽകി ആദരിച്ചു.

01. Mr. Eapen K.Ninan, Malayil ,Pennukkara
02. Mr. Ninan John, Aykkarethu, Arattupuzha
03. Mrs. Achamma Samuel, Koduruzhathil, Keekozhur
04. Mrs. Aleyamm John, Koduruzhathil, Keekozhur
05. Mrs. Annie Eapen, Koduruzhathil,Keekozhur
06. Mrs. N.G. Thomas, Nallumalayil, Chengara
07. Mrs. Saramma Joseph,Nallumalayil,Arattupuzha
08. Mr. Cherian Alex, Nalloor, Puthenpeedika
09. Mrs. Aleyamma Oommen, Nallumalayil, Arattupuzha
10. Mr. Georgie K.Eapen, Puthel,Arattupuzha
11. Mrs. Saramma Mammen, Kochalumpalackal, Arattupuzha
12. Mrs. Marykutty Mathew, Kochalumpalackal, Arattupuzha
13. Mr. Thampi, Valloppallil, Kozhencheri
14. Mrs. Gracey George, Kizhavara,Arattupuzha
15. Mrs. Omana Cherian, Nalloor, Puthenpeedika
16. Mrs. Leela George, Manimala, Arattupuzha
17. Mrs. Ponnamma Thomas, Valloppallil, Arattupuzha

**അനുമോദനം :** പി.എച്ച്.ഡി കരസ്ഥമാക്കിയ കുടുംബാംഗങ്ങളായ നല്ലൂർ മലയിൽ Dr. ഈപ്പൻ ചെറിയാൻ, നല്ലൂർ മലയിൽ Dr. ശീതൾ റിനോഷ് എന്നിവരെ അനുമോദിച്ചു കൊണ്ട് പ്രൊഫ. ശാന്തി ജോർജ്ജ് സംസാരിച്ചു. തുടർന്ന് രണ്ടു പേർക്കും കുടുംബയോഗത്തിന്റെ അനുമോദന സൂചകമായി മെമന്റോ നൽകി.

അഖില മലങ്കര മാർത്തമറിയം സമാജം ഗ്ലോബൽ പ്രസംഗ മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ ഡോ. മീരാ മത്തായി താഴത്തേടത്തിനെ പൊന്നാട നൽകി അനുമോദിച്ചു. അനുമോദനങ്ങൾക്ക് ഡോ. മീരാ മത്തായി മറുപടി പറഞ്ഞു.

**പാരിതോഷിക വിതരണം:** പന്ത്രണ്ടാം ക്ലാസ്സിൽ ഉന്നത വിജയം നേടിയ താഴെ പേരു പറയുന്നവർക്ക് പാരിതോഷികം വിതരണം ചെയ്തു.

1. Reuban Kurian Jose, Kocheeppantharakantangu, Pennukkara
2. Esther Sara Joshu, Malayil, Pennukkara
3. Anna Sunil Mammen, Malayil, Pennukkara

**ആശംസാപ്രസംഗങ്ങൾ:**വ്യക്തികളെആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്നും ജീവിതത്തിൽ ലക്ഷ്യങ്ങൾ ഉണ്ടാകണമെന്നും പറഞ്ഞുകൊണ്ട് റവ. ഫാ. ഡോ. ഇഗ്നേഷ്യസ് തങ്ങളത്തിൽ ആശംസ അറിയിച്ചു. അനുഗ്രഹ പ്രദമായി ജീവിക്കാൻ കുടുംബത്തിൽ പ്രാർത്ഥനയുടെ അനുഭവം ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് മുഖ്യരക്ഷാധികാരി വെരി. റവ. മാത്യു തോമസ് കോർഎപ്പിസ്കോപ്പായും ആശംസ അറിയിച്ചു.

**കണക്ക് അവതരണം :** ട്രഷറാർ ശ്രീ. ജോൺ ഈപ്പൻ അവതരിപ്പിച്ച 2024-25 വർഷത്തെ കണക്കും 2025-26 വർഷത്തെ ബഡ്ജറ്റും യോഗം അംഗീകരിച്ചു.

ഓഡിറ്റർ ശ്രീ. അഭിലാഷ് ചെറിയാൻ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു.

**ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് :**താഴെ പേര് പറയുന്ന നിലവിലുള്ള ഭാരവാഹികൾ 2025-26 വർഷത്തേക്കും തുടരുവാൻ യോഗം തീരുമാനിച്ചു. നിലവിലെ കമ്മറ്റിയും തുടരുവാൻ തീരുമാനിച്ചു.

| | |
|---|---|
| President | : Mr. Eapen Cheriyan |
| Vice President | : Mrs. Valsala Joseph |
| Secretary | : Mr. Koshy.K.Oommen |
| Joint Secreary | : Mr. Jacob.G.Kochitty |
| Treasurer | : Mr. John Eapen |

ലേഡീസ് വിംഗിന്റെ താഴെ പറയുന്ന ഭാരവാഹികളും അടുത്ത വർഷത്തിൽ തുടരുവാൻ തീരുമാനിച്ചു.

| | |
|---|---|
| President | : Mrs. Shiney Koshy |
| Secretary | : Mrs. Grace Jacob |
| Treasurer | : Mrs. Runy Sarah John |

**കൾച്ചറൽ പ്രോഗ്രാം :** ശ്രീമതി നാൻസി കെ. ചെറിയാൻ, ശ്രീമതി ഷേർലി ചെറിയാൻ, അനഘ അജി, മാസ്റ്റർ ഇവാൻ എന്നിവരുടെ ഗാനാലാപനവും ഐഡാ നാൻസി മാമ്മൻ, സൈറാ ജിബു എന്നിവരുടെ ഡാൻസും സമ്മേളനത്തിന് മനോഹാരിത കൂട്ടി. മുൻ വർഷങ്ങളിലെ പോലെ ലേഡീസ് വിംഗിന്റെ സ്റ്റാൾ ഉണ്ടായിരുന്നു.

**കാര്യാലോചന :** 2026 ലെ വാർഷിക സമ്മേളനം ഞാലുംമൂട്ടിൽ ശാഖയുടെ ആഭിമുഖ്യത്തിൽ നടത്താമെന്ന് ശാഖയെ പ്രതിനിധീകരിച്ചു ശ്രീ. ദയാ ജേക്കബ് യോഗത്തെ അറിയിച്ചു.

**സമ്മാനദാനം :** വിവിധ കലാപരിപാടികൾ അവതരിപ്പിച്ചവർക്കും ലേഡീസ് വിംഗിന്റെ സ്പോർട്സ് വിജയികൾക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയുണ്ടായി.

**കൃതജ്ഞത :** സെക്രട്ടറി ശ്രീ. കോശി കെ. ഉമ്മൻ വേദിയിൽ ഉപവിഷ്ടരായിരുന്ന വൈദീക ശ്രേഷ്ഠർക്കും വിശിഷ്ട അതിഥി കൾക്കും എല്ലാ ഭാരവാഹികൾക്കും ലേഡീസ് വിംഗിനും വാർഷികം ഏറ്റെടുത്തു നടത്തിയ കല്ലുങ്കൽ ശാഖക്കും MC ആയിരുന്ന ശ്രീമതി നീതുവിനും കലാപരിപാടികൾ അവതരിപ്പിച്ചവർക്കും വേദി അനു വദിച്ച ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഭരണ സമിതിക്കും സൗണ്ട്, ഭക്ഷണം എന്നിവ ഒരുക്കിയവർക്കും നന്ദി പ്രകാശിപ്പിച്ചു.

**പ്രാർത്ഥന/ആശീർവാദം:** രക്ഷാധികാരി റവ. ഫാ. തോമസ് ജോസഫ് അച്ചന്റെ പ്രാർത്ഥനയോടും മുഖ്യ രക്ഷാധികാരി വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്ക്കോപ്പായുടെ ആശീർവാദത്തോടും കൂടി യോഗം ഒരു മണിയോടെ കൂടി ഉച്ച ഭക്ഷണത്തിനായി പിരിഞ്ഞു. യോഗത്തിൽ 180 – ൽ പരം അംഗങ്ങൾ പങ്കെടുത്തു.

**കോശി കെ. ഉമ്മൻ**
സെക്രട്ടറി

# പ്രവർത്തന റിപ്പോർട്ട് 2025-26



കുടുംബയോഗത്തിന്റെ പ്രവർത്തനങ്ങൾ ഓരോ വർഷവും ഭംഗിയായി മുൻപോട്ടു കൊണ്ടുപോകുവാൻ സഹായിക്കുന്ന ദൈവത്തിന് സ്തോത്രം അർപ്പിച്ചു കൊണ്ട് പ്രവർത്തനറിപ്പോർട്ട് ആരംഭിക്കുന്നു. ഇതിന്റെ മുൻപോട്ടുള്ള പ്രയാണത്തിന് സഹായിച്ചിട്ടുള്ള നമ്മുടെ പൂർവ്വ പിതാക്കന്മാരെയും മുൻകാല ഭാരവാഹികളെയും നന്ദിയോടെ സ്മരിക്കുന്നു.

2024 മെയ് ഒന്നാം തീയതി കൂടിയ പൊതുയോഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ നിലവിൽ പ്രവർത്തിക്കുന്നു. രണ്ടു വർഷത്തിൽ ഒരിക്കൽ തിരഞ്ഞെടുപ്പ് നടത്തി ഭാരവാഹികൾ മാറുന്ന പതിവാണല്ലോ ഉള്ളത്. ആയതിനാൽ 2026-28 വർഷത്തേക്കുള്ള ഭരണസമിതിയെ 2026 മെയ് ഒന്നാം തീയതി കൂടുന്ന പൊതുയോഗം തിരഞ്ഞെടുക്കണം.

രക്ഷാധികാരിമാരായ ബഹുമാനപ്പെട്ട വൈദീക ശ്രേഷ്ഠർ, ഔദ്യോഗിക ഭരണസമിതി, ലേഡീസ് വിംഗ്, യൂത്ത് വിംഗ് എന്നിവരുടെ സഹായ സഹകരണങ്ങളും നന്ദിയോടെ സ്മരിക്കുന്നു.

## നിര്യാതരായവർ

2025 മെയ് 1-ാം തീയതി കൂടിയ വാർഷിക സമ്മേളത്തിന് ശേഷം നമ്മുടെ കുടുംബങ്ങളിൽ നിന്നും കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ട അംഗങ്ങളുടെ പേരുവിവരം താഴെ ചേർക്കുന്നു. ഈ പ്രിയപ്പെട്ടവരുടെ ദേഹവിയോഗത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തുകയും, സംസ്കാര ശുശ്രൂഷകളിൽ നമ്മുടെ വൈദീകരും ഭാരവാഹികളും അംഗങ്ങളും പോയി സംബന്ധിക്കുകയും ചെയ്തിട്ടുണ്ട്.

1. Dr.Jaison Jacob, Parambil, Arni, Tamilnadu
2. Mr. P.S Mathew, Kizhakkeputhenpurackal, Puthencavu
3. Dr. Cherian M. Koshy,Malayil Valiyaveettil , Pennukkara
4. Mrs. Susy Eapen, Karippacheril, Puthencavu

5. Mrs. Annie Jacob, Pynummoottil, Kudappanakunnu, Trivandrum
6. Mr. P. Scaria Cherian, Nanthalathu Puthenpurackal, Bhilai
7. Mr. K.O Thomas, Kizhakkekalayil, Edakkulam, Ranni
8. Mr. K.C. Eapen, Kollamparambil, Kaloor, Kochi
9. Mr. Koshy Mammen, Malayil, Trivandrum
10. Mr. Mathai Paul, Malayil, Nedumon, Ezhamkulam
11. Mr. Daniel Issac, Chunakkara Alintethekkethil, Thenkashi
12. Mrs. Annie Eapen, Kolanjikombil, Trivandrum
13. Mr.Mathew George, Koduruzhathil, Keekozhur
14. Mrs. Chinnamma Eapen, Madathilethu, Chengara
15. Mrs. Marykutty Mathew, Thoppil, Puthencavu
16. Mrs. Marykutty Mathew, Kochalumpalackal, Arattupuzha
17. Mr.P.C. Cherian,Puthenpurackal, Makkulam,Pathanapuram
18. Mr. K.T Alexander, Kocheeppantharakan, Puthencavu
19. Mrs. Roshni John, Mohan Villa, Valloppallil, Bangalore
20. Mr. K.M Thomas, Kocheeppantharakan, Pennukara

## ഓണാഘോഷം 2025

2025 ലെ ഓണാഘോഷം സെപ്റ്റംബർ മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ ആറാട്ടുപുഴ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ വെച്ച് നടത്തപ്പെട്ടു.

ഓണാഘോഷത്തിന്റെ നോട്ടീസ് എല്ലാ ഭവനങ്ങളിലും വിതരണം ചെയ്യുകയും ദൂരസ്ഥലങ്ങളിൽ താമസിക്കുന്നവരെ പോസ്റ്റ് മുഖേന അറിയിക്കുകയും ചെയ്തു.

കുടുംബയോഗം പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാൻ, മുഖ്യ രക്ഷാധികാരി വെരി. റവ.മാത്യു തോമസ് കോർ എപ്പിസ്കോപ്പ, മുഖ്യ അതിഥി ശ്രീ. ജി. ബാലചന്ദ്രൻ എന്നിവർ വേദിയിൽ ഉപവിഷ്ടരായിരുന്നു.

പ്രാർത്ഥനഗാനത്തിനും പ്രാർത്ഥനയ്ക്കും ശേഷം കുടുംബയോഗം സെക്രട്ടറി ശ്രീ. കോശി ഉമ്മൻ എല്ലാവരെയും ഓണാഘോഷ സമ്മേളനത്തിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്തു.

പ്രസഡന്റ് ശ്രീ ഈപ്പൻ ചെറിയാൻ തന്റെ അധ്യക്ഷ പ്രസംഗത്തിൽ നമ്മുടെ പൂർവീകന്മാർ കാണിച്ചു തന്ന വഴികളിൽ കൂടിയാണ് നാം സഞ്ചരിക്കുന്നതെന്നും ജാതിയുടെയും മതത്തിന്റെയും വേർതിരിവുകൾ ഇല്ലാത്ത ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നതെന്നും ഓർമ്മിപ്പിച്ചു. മുഖ്യരക്ഷാധികാരി വെരി. റവ.മാത്യു തോമസ് കോർ എപ്പിസ്കോപ്പ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഉപനിഷത്തുകളെ ഉദ്ധരിച്ചുകൊണ്ട് സത്യത്തിലേക്കും വെളിച്ചത്തിലേക്കും നയിക്കപ്പെടേണ്ടതിന് കുടുംബജീവിതങ്ങൾ മുഖാന്തരം ആകണമെന്നും നമ്മുടെ ജീവിതത്തിൽ കൂടി യേശുവിനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കണം എന്ന ഉദ്ബോധനത്തോടും കൂടി വിളക്ക് തെളിയിച്ച് പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

## ഓണ സന്ദേശം :

പ്രൊഫ. ശാന്തി ജോർജ് മുഖ്യ അതിഥിയെ സദസ്സിന് പരിചയപ്പെടുത്തി. തുടർന്ന് ശ്രീ. ജി. ബാലചന്ദ്രൻ തന്റെ ഓണ സന്ദേശത്തിൽ ഓണം, ക്രിസ്തുമസ് മുതലായ ആഘോഷങ്ങളുടെ പിന്നിൽ ഓരോ വിശ്വാസങ്ങൾ ഉണ്ട് എന്നും സന്തോഷത്തിന്റെയും ഒത്തൊരുമയുടെയും സന്ദേശം ആണ് അത് നൽകുന്നതെന്നും പറഞ്ഞു. സന്തോഷത്തോടെ ജീവിക്കണമെന്നും അതോടൊപ്പം നമ്മുടെ ഇടപടലുകൾ കൊണ്ട് മറ്റുള്ളവർക്ക് സന്തോഷത്തെ പ്രദാനം ചെയ്യുവാൻ സാധിക്കണമെന്നും ഓർമ്മിപ്പിച്ചു.

വിവിധ കലാപരിപാടികൾ യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. പുലിയൂർ തിരുപ്പതി തിരുവാതിര സമിതി ശ്രീമതി അനിതാ ഹരിദാസിന്റെ നേതൃത്വത്തിൽ ഏകദേശം അര മണിക്കൂർ നീണ്ടുനിന്ന തിരുവാതിരകളി അവതരിപ്പിച്ചത് നയനമനോഹരം ആയിരുന്നു. ശ്രീമതി നാൻസി ചെറിയാൻ, ശ്രീമതി വത്സല ജോസഫ്, കുമാരി ഐഡ നാൻസി മാമ്മൻ, ലേഡീസ് വിങ് അംഗങ്ങൾ എന്നിവരുടെ ഗാനങ്ങൾ, ശ്രീ.ജോർജ്ജ് മാമ്മന്റെ ക്വിസ് പ്രോഗ്രാം എന്നീ പരിപാടികളും അവതരിപ്പിക്കപ്പെട്ടു. മുഖ്യാതിഥി ആയി എത്തിയ ശ്രീ.ജി. ബാലചന്ദ്രനെ മുഖ്യ രക്ഷാധികാരി വെരി.റവ.മാത്യു തോമസ് കോർ എപ്പിസ്കോപ്പാ പൊന്നാട അണിയിച്ച് ആദരിച്ചു. കേരളത്തനിമയോടെ ഏറ്റവും നല്ല വേഷവിധാനത്തോടുകൂടി എത്തിയ ശ്രീ. ഈപ്പൻ ചെറിയാൻ, ശ്രീമതി നീതു ഐസക് എന്നിവർക്കും പരിപാടികൾ അവതരിപ്പിച്ച എല്ലാവർക്കും സമ്മാനം നൽകി.

ലേഡീസ് വിങ് പ്രസിഡന്റ് ശ്രീമതി ഷൈനി കോശി വേദിയിലും സദസ്സിലും ഉണ്ടായിരുന്ന ഏവർക്കും നന്ദി രേഖപ്പെടുത്തി. അതോടൊപ്പം മനോഹരമായ പൂക്കളം ഒരുക്കുവാൻ ശ്രീമതി സരളാ സ്റ്റീഫന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചവരോടും സമ്മാനങ്ങൾ സ്പോൺസർ ചെയ്ത പറമ്പിൽ ശ്രീ. സ്റ്റീഫൻ ജോർജ്ജ്, ശരവണ റസ്റ്റോറന്റ് C/o ശ്രീ. ജോർജ്ജ് മാമ്മൻ, പരിപാടികൾ അവതരിപ്പിച്ചവർ എന്നിവരോടും ഉള്ള നന്ദി അറിയിച്ചു. വിഭവസമൃദ്ധമായ ഓണസദ്യയോടെ സമ്മേളന പരിപാടി സമാപിച്ചു. ഏകദേശം നൂറോളം കുടുംബാംഗങ്ങൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

## ക്രിസ്തുമസ് ആഘോഷം

കുടുംബയോഗത്തിന്റെ 2025-ലെ ക്രിസ്തുമസ് ആഘോഷപരിപാടി 2025 ഡിസംബർ മാസം 30-ാം തീയതി ആറാട്ടുപുഴ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ വെച്ച് നടത്തുകയുണ്ടായി.ആഘോഷങ്ങളുടെ നോട്ടീസ് കമ്മറ്റിയിൽ വിതരണം ചെയ്ത് എല്ലാ ഭവനങ്ങളിലും എത്തിച്ചു.

പ്രസിഡന്റ് ശ്രീ. ഈപ്പൻ ചെറിയാൻ, വെരി റവ. മാത്യു തോമസ് കോർഎപ്പിസ്കോപ്പാ, ആറാട്ടുപുഴ മാർത്തോമ്മാ പള്ളി വികാരി റവ.സാം ലൂക്കോസ്, ഫാ.തോമസ് ജോസഫ് എന്നിവർ വേദിയിൽ ഉപവിഷ്ടരായിരുന്നു. ലേഡീസ് വിങ് അംഗങ്ങളുടെ പ്രാർത്ഥനാഗാനത്തിനു ശേഷം ശ്രീമതി വത്സല ജോസഫ് വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം രണ്ടാം അദ്ധ്യായത്തിൽ നിന്നും വേദപുസ്തക വായന നടത്തി. തുടർന്ന് വെരി. റവ. മാത്യു തോമസ് കോർഎപ്പിസ്കോപ്പാ, റവ. ഫാ.തോമസ് ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ പ്രാർത്ഥനയും പിതൃസ്മരണയും നടത്തി. തുടർന്ന ശ്രീ.ജോർജ്ജ് മാമ്മൻ എല്ലാവരെയും ഹാർദ്ദമായി സ്വാഗതം ചെയ്തുകൊണ്ട് പ്രസംഗിച്ചു. കുടുംബയോഗം പ്രസിഡന്റ് ശ്രീ.ഈപ്പൻ ചെറിയാൻ തന്റെ പ്രസംഗത്തിൽ നാം വർഷത്തിന്റെ അവസാനത്തിലേക്ക് കടന്നു വന്നിരിക്കുകയാണെന്നും എല്ലാ മാസവും കൂടിവരുവാനുള്ള സാവകാശം ഉണ്ടാകുകയും അതിൽ എല്ലാ അംഗങ്ങളും അവരവരുടെ പങ്കു വഹിച്ചുവെന്നും പറഞ്ഞു. വെരി.റവ.മത്യു തോമസ് കോർ എപ്പിസ്കോപ്പാ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ മനുഷ്യൻ ദൈവത്തെപ്പോലെ ആകുവാനുള്ള വ്യഗ്രത ആണ് ഏദൻ തോട്ടത്തിൽ കണ്ടത് എങ്കിലും ദൈവം തന്നെ മനുഷ്യനായി ഈ ലോകത്തിലേക്ക് വന്ന് മനുഷ്യന്റെ പാപത്തിന് പ്രായശ്ചിത്തം ചെയ്യുകയാണ് ഉണ്ടായത് മനുഷ്യനിൽ വസിക്കുന്നത് ദൈവത്തിന്റെ ആത്മാവ് ആണ് എന്നും അതിന് അനുസരണമായി ജീവിതത്തെ രൂപാന്തരപ്പെടുത്തണം എന്നും ഉദ്ബോധിപ്പിച്ചു കൊണ്ട് വിളക്ക് തെളിയിച്ച് യോഗം ഉദ്ഘാടനം ചെയ്തു.

തുടർന്ന് റവ. സാം ലൂക്കോസ് ക്രിസ്തുമസ് സന്ദേശം നൽകി. പ്രായമാകുന്നത് ഒരു അനുഗ്രഹം ആണെന്നും ജീവിതത്തിൽ ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളെക്കുറിച്ച് ഒരു അവബോധം ഉണ്ടാകുവാനുള്ള അവസരം ആണെന്നും അദ്ദേഹം പറഞ്ഞു.സമ്മർദ്ദങ്ങൾക്ക് അടിമപ്പെടാതെ ജീവതത്തെ ഗൗരവമായി അഭിമുഖീകരിക്കണമെന്നും ജീവിതത്തിൽ ബന്ധങ്ങൾ വളരെ പ്രധാനപ്പെട്ടതാണെന്നും ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുവാനായി നിരന്തരമായ സമ്പർക്കം ഉണ്ടാകണമെന്നും ഉദ്ബോധിപ്പിച്ചു. റവ.ഫാ തോമസ് ജോസഫ് തന്റെ ആശംസാ പ്രസംഗത്തിൽ ജീവിതയാത്രയിൽ കൂടുതൽ സന്തോഷം പകരണമെന്നും പങ്കിടലിന്റെ അനുഭവം സാധ്യമാക്കിത്തീർക്കണമെന്നും പറഞ്ഞു.

യോഗത്തിൽ കലാപരിപാടികൾഅവതരിപ്പിക്കുകയുണ്ടായി. ലേഡീസ് വിംഗ് അംഗങ്ങൾ, ശ്രീമതി നാൻസി ചെറിയാൻ, മലയിൽ ശാഖാ അംഗങ്ങൾ, മാസ്റ്റർ ഇവാൻ എന്നിവർ ആലപിച്ച ഗാനങ്ങൾ ശ്രവണ സുന്ദരമായിരുന്നു. ശ്രീ സൈമൺ കെ. മാത്യുവിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച ക്രിസ്തുമസ് നൊസ്റ്റാൾജിയ എന്ന പരിപാടിയും ശ്രീ.രെഞ്ചു മാത്യു ചാക്കോയുടെ ചുമതലയിൽ സാന്താക്ലോസിനെ പരിപാടിയിലേക്ക് കൊണ്ടുവന്നതും നർമ്മരസം പകർന്നു.

കുടുംബയോഗം സെക്രട്ടറി ശ്രീ.കോശി കെ. ഉമ്മൻ വേദിയിലും സദസ്സിലും ഉണ്ടായിരുന്ന എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. അതോടൊപ്പം യോഗത്തിൽ സഹകരിക്കുകയും സഹായിക്കുകയും ചെയ്ത എല്ലാവരോടും, പ്രത്യേകിച്ച് ലഘു ഭക്ഷണത്തിന് വിഭവങ്ങൾ സ്പോൺസർ ചെയ്ത ശ്രീ. നൈനാൻ ജോൺ ഐക്കരേത്ത്, ശ്രീ. ജേക്കബ് കോശി ഐക്കര പുത്തൻപറമ്പിൽ, ശ്രീ. പി.സി മാത്യൂസ് പൈനുംമൂട്ടിൽ ദിൽകുഷ്, ശ്രീ. സൈമൺ കെ. മാത്യൂ കൊച്ചാലുംപാലക്കൽ എന്നിവരോടും ഭക്ഷണം ഒരുക്കിയ ലേഡീസ് വിങ്, പരിപാടി ആങ്കർ ചെയ്ത ശ്രീമതി നീതു ഐസക് എന്നിവരോടുമുള്ള നന്ദി രേഖപ്പെടുത്തി.

വെരി. റവ. മാത്യു തോമസ് കോർ എപ്പിസ്കോപ്പയുടെ ആശീർവാദത്തോടും ലേഡീസ് വിംഗിന്റെ **"Silent Night Holy Night"** എന്ന ഗാനത്തോടുംകൂടി യോഗം കാപ്പിസൽക്കാരത്തിനായി പിരിഞ്ഞു. പ്രസ്തുത പരിപാടിയിൽ ഏകദേശം 85 കുടുംബാംഗങ്ങൾ സംബന്ധിച്ചു.

**കമ്മിറ്റി മീറ്റിംഗ് നടത്തപ്പെട്ട ഭവനങ്ങൾ**

| | |
|---|---|
| June 17, 2025 | : Mr. Eapen Cherian, Nalloor Puthenveedu, Arattupuzha |
| July 15, 2025 | : Mr. Cherian Thomas, Kizhakke Puthen purackal, Puthencavu |
| August 12, 2025 | : Mr. Ninan Varghese, Puthenpurackal Pallithkkethil, Mulakuzha |
| September 26, 2025 | : Mr.Stephen George , Parambil House,Piralassery |
| October 20,2025 | : Mr. Jacob G. Kochitty, Nallumalayil, Koipram |
| November 18,2025 | : Mr. Koshy K. Oommen, Kottappattu House, Piralssery |
| December 19, 2025 | : Mr.George Mammen, Mavelil Puthenveedu, Elavumthitta |
| January 20, 2026 | : Mrs. Annie Mammen, Malayil Valiyaveettil, Pennukkara |
| February 10, 2026 | : Mr. Ninan John, Aikkarethu, Arattupuzha |
| March 13,2026 | : Mr. Simon K. Mathew,Kochalupalackal house, Arattupuzha |
| April 14, 2026 | : Mr. Zachariah John, Thoppil Muthirakalayil, Piralassery |

എന്നിവരുടെ ഭവനങ്ങളിൽ വെച്ച് കമ്മറ്റി മീറ്റിംഗകൾ നടത്തുകയുണ്ടായി. ക്രമീകരണങ്ങൾ ചെയ്തു തന്ന ഭവനാംഗങ്ങളോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ലേഡീസ് വിംഗ്**

ലേഡീസ് വിംഗിന്റെ പൂർണ്ണ സഹകരണം കുടുംബയോഗം പ്രവർത്തനങ്ങളുടെ ഒരു അവിഭാജ്യ ഘടകം ആണ്. മാസംതോറും കൂടുന്ന മീറ്റിംഗുകൾ കുടുംബത്തിലെ സ്ത്രീജനങ്ങളുടെ ഒരു ഒത്തുകൂടലും വിശേഷങ്ങൾ പങ്കിടുന്ന വേദിയുമാകുന്നു. ലേഡീസ് വിംഗും അതോടൊപ്പം കുടുംബയോഗവും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സഹായം നൽകി വരുന്നു.

ഓണം, ക്രിസ്തുമസ്, വാർഷിക സമ്മേളനം എന്നീ പരിപാടികളിലെല്ലാം അവരുടെ നിറ സാന്നിദ്ധ്യമുണ്ട്. ഈ അവസരത്തിൽ അവർ നടത്തുന്ന കലാപരിപാടികൾ പ്രസ്തുത പരിപാടിയെ ഊഷ്മളമാക്കുന്നു. അതിന്റെ ഭാരവാഹികൾക്കും അംഗങ്ങൾക്കും പ്രത്യേകമായ നന്ദിയും സ്നേഹവും അറിയിക്കുന്നു. ലേഡീസ് വിംഗിന്റെ പ്രവർത്തനങ്ങളിൽ പങ്കുചേരാനായി കുടുംബാംഗങ്ങളായ കൂടുതൽ വനിതകൾ കടന്നു വരണം എന്ന് അഭ്യർത്ഥിക്കുന്നു.

## യൂത്ത് വിംഗ്

പുതുതലമുറയുടെ കുടുംബയോഗത്തിലുള്ള പങ്ക് വളരെ കുറവായി കാണുന്നു. സോഷ്യൽ മീഡിയ വഴി അവർ ബന്ധങ്ങളും സ്നേഹങ്ങളും പങ്കിടുന്നതായി മനസിലാക്കുന്നു. വാട്ട്സാപ്പ് ഗ്രൂപ്പ്, വെബ്സൈറ്റ് തുടങ്ങിയവ ഈ കൂടിവരവിന് സഹായമായി തീരുന്നു.

## കാളിയാങ്കൽ മഹാകുടുംബയോഗം

കാളിയാങ്കൽ ഗ്ലോബൽ കുടുംബയോഗം, കാളിയാങ്കൽ മഹാകുടുംബയോഗം എന്ന് പുനർനാമകരണം ചെയ്ത് ജസ്റ്റിസ് ബെഞ്ചമിൻ കോശി രക്ഷാധികരിയും ഫാ. ഇഗ്നേഷ്യസ് തങ്ങളത്തിൽ പ്രസിഡന്റുമായി ഒരു കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. പ്രസ്തുത കമ്മറ്റിയിൽ നമ്മുടെ കുടുംബയോഗത്തിൽ നിന്നും ശ്രീ. ഈപ്പൻ ചെറിയാൻ , ശ്രീ.സ്റ്റീഫൻ ജോർജ്ജ്, ശ്രീ. ജോൺ ഈപ്പൻ എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭവന സന്ദർശനം

പ്രായാധിക്യം കൊണ്ടും രോഗങ്ങൾ കൊണ്ടും ഭവനത്തിലും ആശുപത്രിയിലും കഴിയുന്ന കുടുംബാംഗങ്ങളെ ബഹുമാനപ്പെട്ട വൈദീകരും ഭാരവാഹികളും സന്ദർശിച്ചു പ്രാർത്ഥന നടത്തുവാനും സ്നേഹം പങ്കിടുവാനും കുടുംബയോഗം കമ്മറ്റിക്ക് സാധിക്കുന്നുണ്ട്. രോഗികളായ കുടുംബാംഗങ്ങളുടെ വിവരം ഭാരവാഹികളെ അറിയിക്കുകയോ വാട്ട്സാപ്പ് മുഖേന വിവരം ധരിപ്പിക്കുകയോ ചെയ്താൽ ഈ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുവാൻ സാധിക്കും.

**ജീവകാരുണ്യ പ്രവർത്തനം**

മുൻപതിവുപോലെ ഈ കൊല്ലവും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വിധവയായ ഒരു കുടുംബാംഗത്തെ സഹായിക്കുവാനായി കമ്മറ്റി അംഗങ്ങളിൽ നിന്നും സംഭാവനയായി ലഭിച്ച 15000/- രൂപയും കുടുംബയോഗം ഫണ്ടിൽ നിന്നുമുള്ള 5000/- രൂപയും ഉൾപ്പെടെ 20,000/- രൂപ നൽകുകയുണ്ടായി. ഡയാലസിസ് ചെയ്തുകൊണ്ടിരുന്ന ഒരു വ്യക്തിക്ക് ലേഡീസ് വിംഗിൽ നിന്നും 10,000/- രൂപ സംഭാവന നൽകുകയുണ്ടായി.

**കുടുംബചരിത്ര പുനഃപ്രസിദ്ധീകരണം**

കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ച കുടുംബ ചരിത്ര പുസ്തകത്തിന്റെ ഒരു ഇംഗ്ലീഷ് പരിഭാഷ പുതിയതലമുറയിലെ അംഗങ്ങൾക്കായി പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നുണ്ട്. ആയതിലേക്ക് വേണ്ട പണം കണ്ടെത്തുവാനായി പ്രസിദ്ധീകരിച്ച ചരിത്ര പുസ്തകത്തിന്റെ കോപ്പികൾ ലഭിച്ചിട്ടില്ലാത്ത കുടുംബാംഗങ്ങൾ 1000 രൂപ സംഭാവനയായി നൽകി പുസ്തകം കൈപ്പറ്റണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഉപസംഹാരം**

കഴിഞ്ഞ ഒരു വർഷം സ്തുത്യർഹമായ പ്രവർത്തനം കാഴ്ച വെച്ച ഭരണ സമിതിക്കും സഹകരിച്ച എല്ലാ കുടുംബാംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ആയുസ്സും ആരോഗ്യവും തന്ന് ഇത്രത്തോളം വഴി നടത്തിയ ദൈവത്തിന് സ്തോത്രം അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**കോശി കെ. ഉമ്മൻ കോട്ടപ്പാട്ട്**
**(സെക്രട്ടറി)**

**പുത്തൻകാവ്**
**02-04-2026**

# അറിയിപ്പുകൾ

1. കുടുംബാംഗങ്ങൾ നിര്യാതരാകുമ്പോൾ പേരുവിവരം അതാത് ശാഖാ ചുമതലക്കാർ ഭാരവാഹികളെ അറിയിക്കേണ്ടതാണ്.

2. 2025 മെയ് 1-ാം തീയതിക്ക് ശേഷം75 വയസ്സ് പൂർത്തിയാക്കുന്ന നമ്മുടെ കുടുംബാംഗങ്ങളുടെ പേരുവിവരങ്ങൾ 2026 ഏപ്രിൽ 25-ാം തീയതിക്കകം അറിയിക്കേണ്ടതാണ്. അവരെ വാർഷിക സമ്മേളനത്തിൽ അനുമോദിച്ചു പൊന്നാട അണിയിക്കുന്നതാണ്. കമ്മറ്റി അംഗങ്ങൾ ഇക്കാര്യം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന പേരുകൾ സ്വീകരിക്കുന്നതല്ല.

3. 2024-25 വിദ്യാഭ്യാസവർഷത്തിൽ ഉന്നതനിലവാരത്തിൽ മാർക്ക് നേടി എസ്.എസ്.എൽ.സി, ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ, +2, ബി.എ, ബി.എസ്.സി, വി.എച്ച്.എസ്.സി പരീക്ഷകളിൽ ഉന്നതവിജയം വരിച്ച നമ്മുടെ കുട്ടികൾക്ക് പ്രോത്സാഹനത്തിനായി സ്കോളർഷിപ്പ് വാർഷിക സമ്മേളനത്തിൽ വെച്ച് നൽകുന്നതാണ്. സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റ് 25-4-2026 നു മുൻപായി സെക്രട്ടറിക്കു ലഭിച്ചിരിക്കേണ്ട താണ്.

4. വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം അർഹിക്കുന്ന നമ്മുടെ കുട്ടികൾക്ക് ധനസഹായം നൽകുന്നതാണ്. രക്ഷകർത്താവ് 25/04/2026 ന് മുൻപ് അപേക്ഷ നൽകിയിരിക്കണം.

5. ചികിത്സാവശ്യങ്ങൾക്ക് ധനസഹായം ആവശ്യമുള്ള കുടുംബാംഗങ്ങൾക്ക് അവരുടെയോ ബന്ധപ്പെട്ടവരുടെയോ അപേക്ഷയിൽ മേൽ ധനസഹായം നൽകുന്നതാണ്.

6. കുടുംബയോഗ പ്രസിദ്ധീകരണങ്ങൾ പോസ്റ്റ് വഴി ലഭിക്കുന്നതിന് വിദൂര സ്ഥലങ്ങളിൽ താമസിക്കുന്ന കുടുംബാംഗങ്ങൾ പൂർണമായ മേൽവിലാസം ഭാരവാഹികൾക്ക് എഴുതി നൽകുക.

7. സൊസൈറ്റി ആക്ട് പ്രകാരം കാളിയാങ്കൽ വലിയവീട്ടിൽ കുടുംബയോഗം ആലപ്പുഴ രജിസ്ട്രേഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും 2025-26 വരെ പുതുക്കിയിട്ടുള്ളതുമാണ്.

## സ്കോളർഷിപ്പുകൾ

തൊട്ടുമുമ്പ് അദ്ധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി.ക്ക്(ഏറ്റവും കൂടുതൽ മാർക്ക് ) ഉന്നതവിജയം നേടിയ കുട്ടിക്ക് കരിപ്പാച്ചേരിൽ ശ്രീ. ഈപ്പൻ നൈനാൻ മെമ്മോറിയൽ സ്കോളർഷിപ്പ് നൽകുന്നതാണ്.

## മറ്റുധനസഹായ പദ്ധതികൾ

1. ആറാട്ടുപുഴ താഴത്തേടത്തു പരേതരായ ഡോ.റ്റി.ഐ ഈപ്പൻ, സൂസന്നാമ്മ ഈപ്പൻ എന്നിവരുടെ മക്കൾ ശ്രീ.ഈപ്പനും, ശ്രീ.മത്തായി ഈപ്പനും ചേർന്ന് നൽകിയിട്ടുള്ള എൻഡോവ്മെന്റ് തുകയായ 2000/- രൂപയുടെ സ്ഥിരനിക്ഷേപ പലിശ നമ്മുടെ കുടുംബത്തിൽപ്പെട്ട സമർത്ഥരായ കുട്ടികൾക്ക് അർഹതാനുസരണം വിദ്യാഭ്യാസത്തിന് വേണ്ടി നൽകുന്നതാണ്.

2. കുടുംബയോഗ മുൻ പ്രസിഡന്റ് കോന്നി മാമ്മൂട്ടിൽ എസ്റ്റേറ്റിൽ ശ്രീ.കെ.ജി. ജോണിന്റെ സ്മരണയ്ക്കായി മക്കൾ ശ്രീ.വർക്കി ജോണും, ശ്രീ.കെ.ജെ ജോർജ്ജും ചേർന്ന് എൻഡോവ്മെന്റായി ഫിക്സഡ് ഡിപ്പോസിറ്റിൽ നിക്ഷേപിച്ചിരിക്കുന്ന 10000/- രൂപയിൽ നിന്ന് കിട്ടുന്ന പലിശ നമ്മുടെ കുടുംബാംഗങ്ങൾക്ക് വിദ്യാഭ്യാസത്തിനോ ചികിത്സയ്ക്കോ അർഹതാനുസരണം നൽകുന്നതാണ്.

3. പുത്തൻകാവ് പുത്തൻപുരയ്ക്കൽ (ഹൗസ് നമ്പർ1) ദിവംഗതനായ ശ്രീ.മാമ്മൻ ഉമ്മന്റെ (മോനി) സ്മരണയ്ക്കായി മാതാവ് ശ്രീമതി മേരി മാമ്മൻ നൽകിയിട്ടുള്ള എൻഡോവ്മെന്റ് 10000/- രുപയുടെ (ഫിക്സഡ് ഡിപ്പോസിറ്റ്) പലിശ കുടുംബയോഗത്തിൽപെട്ട രോഗികൾക്ക് ചികിത്സാർത്ഥം നൽകുന്നതാണ്.

4. ആറാട്ടുപുഴ നല്ലൂർ പുത്തൻപീടികയിൽ ശ്രീ. ചെറിയാൻ അലക്സ് (രാജൻ) എൻഡോവ്മെന്റായി 50,000/- രൂപാ (അൻപതിനായിരം രൂപ) നൽകിയിട്ടുള്ളതിൽ നിന്ന് 25000/- രൂപാ അദ്ദേഹത്തിന്റെ പിതാവ് ശ്രീ. എൻ. ഐ. ചെറിയാൻ അവറുകളുടെ സ്മരണയ്ക്കായി ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചു. അതിന്റെ പലിശ അർഹരായ രോഗികൾക്ക് ചികിത്സയ്ക്കുവേണ്ടി നൽകുന്നതാണ്. ബാക്കി 25000/- രൂപാ അദ്ദേഹത്തിന്റെ മകൻ മാസ്റ്റർ ചെറിയാൻ അലക്സ് (ജൂനിയർ) കൊച്ച് അവറുകളുടെ സ്മരണയ്ക്കായി ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ചു. ആയതിന്റെ പലിശ സമർത്ഥരായ അർഹർക്ക് വിദ്യാഭ്യാസ ചെലവിനുവേണ്ടി കൊടുക്കുന്നതാണ്.

5. കോന്നി, ഊട്ടുപാറ, മാമ്മൂട്ടിൽ എസ്റ്റേറ്റിൽ ശ്രീ. കെ.ജോർജ്ജ് ജോസഫിന്റെയും ശ്രീമതി അമ്മിണി ജോസഫിന്റെയും സ്മരണയ്ക്കായി പുത്രി ഡോ. ഉഷാ ജോർജ്ജ് 20000/- (ഇരുപതിനായിരം) രൂപ എൻഡോവ്മെന്റായി തന്നിട്ടുണ്ട്. ഇതിൽ നിന്നും കിട്ടുന്ന പലിശ ഏതു വിഭാഗത്തിലുമുള്ള പി.എച്ച്.ഡി ബിരുദം നേടുന്ന ഒരു വ്യക്തിക്ക് പാരിതോഷികമായി നൽകുന്നതാണ്.

6. പെണ്ണുക്കര മലയിൽ ശ്രീ. എം. ഇ. ജോർജ്ജ് അവറുകളുടെ സ്മരണയ്ക്കായി മകൾ ശ്രീമതി ജെസ്സി ജോർജ്ജ് കുര്യൻ കുടുംബാംഗങ്ങളായ അർഹതപ്പെട്ടവർക്ക് വിദ്യാഭ്യാസത്തിനോ ചികിത്സയ്ക്കോ സഹായമായി പലിശത്തുക എടുത്ത് സംഭാവന നൽകുന്നതിന് ഇരുപത്തയ്യായിരം (25,000) രൂപ എൻഡോവ്മെന്റായി തരികയും അത് ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

7. നമ്മുടെ കുടുംബയോഗത്തിലെ അർഹതയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി വെരി. റവ. ഡോ.പി.എസ് ശമുവേൽ കോർ എപ്പിസ്കോപ്പാ (അമേരിക്ക) അദ്ദേഹത്തിന്റെ സഹധർമ്മിണി ശ്രീമതി അമ്മിണി ടീച്ചറിന്റെ ഓർമ്മയ്ക്ക് 5000/-(അയ്യായിരം) രൂപ എൻഡോവ്മെന്റായി തന്നിട്ടുണ്ട്.

8. താഴത്തേടത്ത് ശ്രീ.ടി.എൻ ജോർജ്ജ് മെമ്മോറിയൽ എൻ ഡോവ്മെന്റായി അദ്ദേഹത്തിന്റെ മകൻ ഡോ.ജോർജ്ജ് ഈപ്പൻ തന്ന 5000/- രൂപയുടെ സ്ഥിരനിക്ഷേപത്തിന്റെ പലിശ നമ്മുടെ കുടുംബയോഗത്തിലെ വിദ്യാർത്ഥികളുടെ പഠന ആവശ്യത്തിലേക്ക് അർഹത അനുസരിച്ച് നൽകുന്നതാണ്.

9. ആറാട്ടുപുഴ താഴത്തേടത്ത് ചെറുതാല ശ്രീ.റ്റി.എം ഏബ്രഹാം തന്റെ മാതാപിതാക്കൾ ശ്രീ.എം.കെ മാത്യു & ശ്രീമതി. തങ്കമ്മ മാത്യു എന്നിവരുടെ സ്മരണാർത്ഥം നൽകിയ എൻഡോവ്മെന്റ് തുകയായ 25000/- രൂപയുടെ സ്ഥിര നിക്ഷേപ പലിശ നമ്മുടെ കുടുംബത്തിൽ നിന്നും എഞ്ചിനിയറിംഗ് ഉന്നത നിലയിൽ പാസ്സാകുന്ന വിദ്യാർത്ഥിക്ക് നൽകുന്നതാണ്.

10. ആറാട്ടുപുഴ താഴത്തേടത്ത് ബഹുമാനപ്പെട്ട ഫാ. സാമുവേൽ റ്റി. ജോർജ്ജ് (രക്ഷാധികാരി) നൽകിയ ഒരുലക്ഷം രൂപ അദ്ദേഹത്തിന്റെ മാതാവ് ശ്രീമതി അമ്മിണി ജോർജ്ജിന്റെ സ്മരണയ്ക്കായി ഫിക്സഡ് ഡിപ്പോസിറ്റ് നിക്ഷേപിച്ചതിൽ നിന്ന് കിട്ടുന്ന പലിശ തുക ക്യാൻസർ രോഗികൾക്ക് ചികിത്സയ്ക്കായി നൽകുന്നു.

11. കോഴഞ്ചേരി പൈനുംമൂട്ടിൽ ഗ്ലോറി ഭവനത്തിൽ ശ്രീ. ഏബ്രഹാം വർഗീസിന്റെ സ്മരണയ്ക്കായി സഹധർമ്മിണി ശ്രീമതി. മറിയാമ്മ എബ്രഹാം എൻഡോവ്മെന്റായി 25000/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ പലിശ തുക വിദ്യാഭ്യാസം, ചികിത്സാ ആവശ്യങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

12. എഴിക്കകത്ത് ശാഖയുടെ വകയായി 50000/- രൂപ എൻഡോവ മെന്റായി നൽകിയിട്ടുണ്ട് ആയതിന്റെ പലിശ ഡയാലിസിസ് ചികിത്സാ സഹായമായി ഉപയോഗിക്കാവുന്നതാണ്.

**കോശി കെ.ഉമ്മൻ**
(സെക്രട്ടറി)

**ദൈവനാമത്തിന് മഹത്വമുണ്ടായിരിക്കട്ടെ.**
**"What can you do to the world... just go home and love your family".**

Mother Theresa

## കാളിയാങ്കൽ വലിയ വീട്ടിൽ കുടുംബയോഗത്തിന്റെ വനിതാ-വിഭാഗത്തിന്റെ 2025-26 ലെ പ്രവർത്തന റിപ്പോർട്ട്

ഒരമ്മയുടെ ജ്ഞാനവും, സ്നേഹവും, ഐക്യബോധവും ഉണർത്തി കുടുംബാംഗങ്ങളെ ഒരു ചരടിൽ കോർത്ത് മുത്തുകളെ പോലെ ചേർത്തിണക്കി നമ്മുടെ ലേഡീസ് വിംഗിൽ അംഗങ്ങളായി പ്രവർത്തിക്കുന്ന സഹോദരിമാർ എന്നും കർമ്മോത്സുകരാണ്.

ചുവരുകളും മേൽക്കൂരയും ചേർന്നാലൊരു വീട് ഉണ്ടാകും, എന്നാൽ സ്നേഹവും, പരസ്പര വിശ്വാസവും ക്ഷമയും, സഹനവും ഒത്തുചേർന്നാൽ മാത്രമേ ഒരു കുടുംബം രൂപപ്പെടുകയുള്ളൂ. അങ്ങനെയുള്ള അനേകം കുടുംബങ്ങൾ ചേർത്തിണക്കപ്പെട്ട മനോഹരമായ ഒരു മുത്തുമാലയാണ് കാളിയാങ്കൽ വലിയവീട്ടിൽ എന്ന കുടുംബയോഗം. മുത്തുകൾക്കുള്ളിൽ കൂടി ആരും കാണാതെ യാണെങ്കിലും കടന്നു പോകുന്ന ഇണക്കിചേർത്തു പിടിക്കുന്ന ഇഴ(നൂൽ) എന്ന ധർമ്മം കുടുംബയോഗത്തിലെ അംഗങ്ങളായ ലേഡീസ് വിംഗ് പാലിച്ചു പോരുന്നതിലഭിമാനിക്കുന്നു.

### ലേഡീസ് വിംഗ് 2024-25, 25-26 വർഷത്തെ ഭാരവാഹികൾ

| | |
|---|---|
| പ്രസിഡന്റ് | : **ശ്രീമതി. ഷൈനി കോശി, കോട്ടപ്പാട്ട്** |
| വൈസ് പ്രസിഡന്റ് | : **ശ്രീമതി. ബിന്ദു ജോർജ്ജ്** |
| സെക്രട്ടറി | : **ശ്രീമതി. ഗ്രേസ് ജേക്കബ്** |
| ട്രഷറാർ | : **ശ്രീമതി. റൂണി സാറാ ജോൺ** |

മുൻ വർഷങ്ങളുടെ തുടർച്ച എന്നപോലെ കുടുംബ യോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും വനിതാ വിഭാഗം കർമ്മോത്സുകരായിരുന്നു. തുടർച്ചയായി രണ്ടു വർഷം പ്രവർത്തന നിരതരാകുന്ന കമ്മറ്റിയും അംഗങ്ങളും സ്നേഹവും കരുതലും സഹകരണവും കൊണ്ട് മനോഹരമായിരുന്നു. എല്ലാ മാസവും മുൻ നിർണ്ണയിക്കുന്ന പ്രകാരം അംഗങ്ങളിൽ ഒരാളുടെ ഭവനത്തിൽ മീറ്റിംഗുകൾ നടക്കുന്നു. ആരാധനാഗാനാലാപം, വേദപുസ്തക വായന, പ്രാർത്ഥന, സ്വാഗതപ്രസംഗം, അദ്ധ്യക്ഷന്റെ ഉപക്രമം, അംഗ ങ്ങളിൽ ഒരാളുടെ വചന ശുശ്രൂഷ, കുടുംബയോഗത്തിന്റെ അടുത്തു വരുന്ന പ്രധാനമീറ്റിംഗുകളിൽ ലേഡീസ് വിംഗിന്റെ പങ്കാളിത്ത ത്തെപ്പറ്റി തീരുമാനിക്കൽ, നന്ദി പ്രകാശനം, സമാപനപ്രാർത്ഥന, ചായസൽക്കാരം എന്നിങ്ങനെയാണ് ഓരോ മീറ്റംഗുകളും നടക്കുക.

അംഗങ്ങളിൽന്നിന് സ്വീകരിക്കുന്ന സബ്സ്ക്രിപ്ഷൻ, ചാരിറ്റി സെയിലിനായി അംഗങ്ങൾ ഭവനങ്ങളിൽ നിന്ന് ഉണ്ടാക്കി നൽകുന്ന അച്ചാറുകൾ, കേക്കുകൾ, കട്ലറ്റുകൾ മറ്റു വറുത്ത ആഹാരസാധനങ്ങൾ ഇവയിലൂടെ സമാഹരിക്കുന്ന തുക കാരുണ്യപ്രവർത്തനങ്ങൾക്കായി നൽകുന്നു. 2025-26 വർഷത്തിൽ ഒരു ഡയാലിസിസ് രോഗിക്ക് ലേഡീസ് വിംഗ് 10,000/- രൂപ നൽകുകയുണ്ടായി. കുടുംബയോഗത്തിന്റെ ഓണാഘോഷം, ക്രിസ്തുമസ് ആഘോഷം എന്നിവയ്ക്കും കൈത്താങ്ങലാകുവാൻ ഞങ്ങളാൽ സാധിക്കുന്നു. ഇക്കഴിഞ്ഞ വർഷത്തെ ഓണാഘോഷങ്ങളിൽ അരമണിക്കൂർ നീണ്ടുനിന്ന തിരുവാതിര, പുലിയൂർ തിരുപ്പതി തിരുവാതിര സമിതി ലേഡീസ് വിംഗിന്റെ ആഭിമുഖ്യത്തിൽ നടത്തിയത് നയാനാനന്ദകരമായിരുന്നു.

കുടുംബാംഗങ്ങളായിരിക്കുന്ന മുതിർന്നവരെയും രോഗാവസ്ഥ യിലുള്ളവരെയും സന്ദർശിക്കുക, വിവാഹം, ശവസംസ്കാര ശുശ്രൂഷകൾ എന്നിവയിൽ പങ്കുകൊള്ളുകയും, റീത്തുകൾ സമർപ്പിക്കുക എന്നിവയും പാലിച്ചു പോരുന്നു. 2025-26 വർഷവും അംഗങ്ങളുടെ കലാ-കായിക മത്സരങ്ങൾ നടത്തുകയും, വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. മുതിർന്ന അംഗങ്ങൾക്കായി പ്രത്യേക മത്സരങ്ങളും നടത്തപ്പെടുകയു ായി. ഇംഗ്ലീഷ് സാഹിത്യകാരനായ ജോർജ്ജ് ബർണാഡ്ഷായുടെ വാക്കുകൾ

**“ A happy family is but an earlier heaven on earth.”**

**ഇത്രത്തോളം അനുഗ്രഹിച്ച് വഴി നടത്തിയ സർവ്വേശ്വരനെ സ്തുതിച്ചു കൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.**

എന്ന്
ലേഡീസ് വിംഗിനുവേണ്ടി



**ഷൈനി കോശി കോട്ടപ്പാട്ട്**
(പ്രസിഡന്റ്)



# കുടുംബം ഒരു വിളക്ക്



Smt. Sarala Stephen
Thazhathedathu, Manimala

കുടുംബമാണ് സമൂഹത്തിന്റെ അടിസ്ഥാനം, നമ്മുടെ കുടുംബം കൊച്ചു കൊച്ചു ദേവാലയമാണ്. നമ്മുടെ വീട് പണിയുന്നത് യഹോവയാണ്. സങ്കീർത്തനം 133 ൽ പറയുന്നു. "ഇതാ സഹോദരൻമാർ ഒത്തൊരുമിച്ചു ജീവിക്കുന്നത്........." ഐക്യത്തോടെ ഒരുമിച്ചു ജീവിക്കുന്നത് മുഴുവൻ ഭൂമിയേയും നന്മകളാൽ മൂടുന്നു എന്ന്. പരസ്പരം സ്നേഹിക്കുക എന്നത് യേശുവിന്റെ കല്പന മാത്രമല്ല, നമുക്ക് ജീവിക്കുവാനുള്ള ഏറ്റവും നല്ല മാർഗ്ഗവുമാണ്. നാം മറ്റുള്ളവരോട് സ്നേഹം കാണിക്കുന്ന രീതിയിൽ നിന്ന് നിങ്ങൾ യേശുവിനെ പിൻതുടരുന്നുവെന്ന് ആളുകൾ മനസ്സിലാക്കുകയും ചെയ്യും.

കുടുംബം അനുഗ്രഹിക്കപ്പെടുന്നതെങ്ങനെ? സങ്കീർത്തനം 128 ൽ പറയുന്നു "യഹോവ ഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെടും." എങ്ങനെ? അവന്റെ ഭാര്യ വീടിനകത്ത് ഫലപ്രദമായ മുന്തിരി വള്ളിയും മക്കൾ ഒലിവ് തൈകൾ പോലെയുമാകുന്നു.

കാരണമില്ലാതെ സ്നേഹിക്കുകയും ഉപാധികളില്ലാതെ കൂടെ നിൽക്കുകയും ചെയ്യുന്നവർ ഒരുമിച്ചു താമസിക്കുന്ന ഒരിടമാണ് കുടുംബം. കൂടുമ്പോൾ ഇമ്പം ഉണ്ടാകുന്നതാണ് കുടുംബം. പ്രശസ്ത ലോക സാഹിത്യകാരൻമാർ കുടുംബത്തെപ്പറ്റി രചിച്ചത് ഇവിടെ കുറിക്കുന്നു.

1. The family is one of nature's masterpiece..... George Santayana.
2. Other things may change us. But we start and end with family..... Antony Brandt
3. The memories we make with our family is everything.... Candace Cameron Bure

ദൈവത്തിന്റെ വരദാനമാണ് കുടുംബം. കുടുംബത്തിന്റെ സമ്മാനമാണ് മക്കൾ. മക്കളാണ് ലോകത്തിന്റെ സമ്പാദ്യം. നമ്മളെന്തൊക്കെ കാണിച്ചാലും എത്ര കുടുംബ മാഹാത്മ്യം ഉറക്കെ പറഞ്ഞാലും അപ്പാ, അമ്മാ I love you എന്ന് നമ്മുടെ ജീവിതവസാനം വരെ കേൾക്കാൻ പറ്റുമ്പോളല്ലേ നമ്മുടെ ജീവിതം ധന്യമാകുന്നത്.

*In Loving memory of*



## Mathew George ( James )

**Kodooruzhathil, ( Nallumalayil)**
**Churulikodu, Pathanamthitta**

*By* **Family members**

# ഗാനം



യേശു ആരിലും ഉന്നതനാണെന്നോർക്കണം
പ്രാർത്ഥന അത്ഭുതമായി തീരുവാൻ നീ ദൈവത്തേ ഓർക്കണം.
വിശ്വസിച്ചാൽ ദൈവ മഹത്വം കാണുമെന്നോർക്കണം
നോഹ ദൈവത്തോടു കൂടെ നടന്നതും നീ ഓർക്കണം.
(യേശു ആരിലും........)

അബ്രഹാമിന്റെ വിശ്വാസം നീതിയായ് കണക്കിട്ടതോർക്കണം
കാനാവിൽ വെള്ളത്തെ വീഞ്ഞാക്കിയ യേശുവിനെ ഓർക്കണം
പ്രതികൂലം അനുകൂലമാകുമെന്നോർക്കണം
അവനിലേക്കു നോക്കിയവർ പ്രകാശിതരായിയെന്നോർക്കണം
(യേശു ആരിലും.....)

ലാസറിനെ ഉയർപ്പിച്ച യേശുവിനെ ഓർക്കണം
കണ്ണുനീർ തൂകുമ്പോൾ മനസ്സലിയുന്ന യേശുവിനെ ഓർക്കണം
പാപം മോചിച്ചു രക്ഷ നൽകിയ യേശുവിനേ ഓർക്കണം
വീണ്ടും വരുമെന്നുരചെയ്ത രക്ഷകനെ നീ ഓർക്കണം
(യേശു ആരിലും..........)

**കൊച്ചുമോൾ മാമ്മൂട്ടിൽ**

*In Loving memory of*



**N. G. Stephen (Kochukunju)**
Nallumalayil, Arattupuzha
(24.09.1932 - 19.03.2025)
*Inserted by:* **Aleyamma Stephen**
**Biji (N Stephen George), Jolly**
**Stephy, Stephin**

# ദൈവത്തിന്റെ അതി പരിശുദ്ധനാമം വാഴ്ത്തപ്പെടുമാറാകട്ടെ.



**ക്രിസ്തു യേശുവിൽ നിങ്ങൾക്കെല്ലാവർക്കും എന്റെ സ്നേഹവന്ദനം.**

## Sub:- ദൈവത്തിന്റെ വിളിയും തിരഞ്ഞെടുപ്പും

**2.Pet.1.1-11** വരെയുള്ള വാക്യങ്ങൾ നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും നിങ്ങൾ ഉറപ്പാക്കിയിട്ടുണ്ടോ. ഇന്നു നിങ്ങൾ മരിച്ചാൽ നിങ്ങളുടെ നിത്യത എവിടെ ആയിരിക്കും. സ്വർഗ്ഗത്തിലോ, നരകത്തിലോ?

ഈ ലോകത്തിൽ തിന്നും കുടിച്ചും കല്യാണം കഴിച്ചും മക്കളെ വളർത്തിയും മാത്രം ജീവിക്കാനല്ല ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത്. ദൈവത്തിന്റെ ഇഷ്ടമോ, നാമെല്ലാവരും ദൈവ രാജ്യത്തിൽ എത്തിച്ചേരണമെന്നുള്ളതാണ്. അതിന് നമ്മുടെ ഭാഗത്തുനിന്ന് വളരെ ശ്രമം ആവശ്യമാണ്.കൂടാതെ വചനത്തിൽ കൂടി ദൈവം അതിനു വേണ്ടുന്ന മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്.അതാണ് എനിക്ക് നിങ്ങളോട് പറയുവാനുള്ളത്.

**2Pet.1.1-3** ഇവിടെ പറയുന്നത്, നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി,ജീവനും,ഭക്തിക്കും വേണ്ടിയതൊക്കെയും നമുക്ക് ദാനം ചെയ്തിക്കയാണ്. ഇത് നിങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ?

**Eph 4.1-3** നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാം വണ്ണം പൂർണ്ണ വിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കുകയും സ്നേഹത്തിൽ അന്യോന്യം പൊറുക്കുകയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കുകയും ചെയ്യുവിൻ. മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടോ?

**2Pet 1.4** അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തായ വാഗ്ദാനങ്ങളും നൽകിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൻ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ടു ദിവ്യ സ്വഭാവത്തിന് കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു.

നിങ്ങൾ ഈ ദിവ്യ സ്വഭാവത്തിന് കൂട്ടാളികളായിട്ടുണ്ടോ? അതു പോലെ ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിങ്ങൾക്കറിയാമോ? അത് നിങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ?

**John 1.9** നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.

**John 2.25** ഇതാകുന്നു അവൻ നമുക്കു തന്ന വാഗ്ദാനം, നിത്യജീവൻ തന്നെ. നിങ്ങൾ നിത്യജീവൻ പ്രാപിച്ചിട്ടുണ്ടോ.അതുപോലെ ജീവന്റെ പുസ്തകത്തിൽ നിങ്ങളുടെ പേര് എഴുതിയിട്ടുണ്ടോ? ജീവന്റെ പുസ്തകത്തിൽ പേർ എഴുതപ്പെടാത്ത എല്ലാവരും നിത്യനരക ത്തിലേക്ക് ആയിരിക്കും പോകുക.

**2Pet 1.5-7** അതു നിമിത്തം തന്നെ നിങ്ങൾ സകല ഉത്സാഹവും കഴിച്ച്, നിങ്ങളുടെ വിശ്വാസത്തോട് വീര്യവും, വീര്യത്തോട് പരിജ്ഞാനവും, പരിജ്ഞാനത്തോട് ഇന്ദ്രിയജയവും ഇന്ദ്രിയ ജയത്തോട് സ്ഥിരതയും, സ്ഥിരതയോട് ഭക്തിയും, ഭക്തിയോട് സഹോദരപ്രീതിയും, സഹോദര പ്രീതിയോട് സ്നേഹവും കൂട്ടിക്കൊൾവിൻ.

മേൽപ്പറഞ്ഞ കാര്യങ്ങൾ ഉണ്ടായി വർദ്ധിക്കുന്നുവെങ്കിൽ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനം സംബന്ധിച്ച് ഉത്സാഹമില്ലാത്തവരും നിഷ്ഫലന്മാരും ആയിരിക്കയില്ല. അവയില്ലാത്തവനോ കുരുടൻ അത്രേ, ഹൃദയ ദൃഷ്ടി ഇല്ലാത്തവനും ആയിരിക്കും. നിങ്ങൾ ഏതു കൂട്ടത്തിൽ ഉള്ള ആളാണ്? അതുകൊണ്ട് സഹോദരന്മാരെ, നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പാക്കുവാൻ അധികം ശ്രമിപ്പിൻ. ഇങ്ങനെ ചെയ്താൽ നിങ്ങൾ ഒരു നാളും ഇടറിപ്പോകാതെ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ നിത്യ രാജ്യത്തിലേക്കുള്ള പ്രവേശനം ധാരാളമായി പ്രാപിക്കും. ദൈവത്തിന്റെ പരിശുദ്ധാത്മാവ് അതിന് നിങ്ങളെ സഹായിക്കട്ടെ.

എന്ന് സസ്നേഹം,
നിങ്ങളുടെ സഹോദരൻ **നൈനാൻ വർഗീസ്**
പുത്തൻപുരയ്ക്കൽ പള്ളിതെക്കേതിൽ
(കുഞ്ഞുമോൻ, മുളക്കുഴ)

*Everloving memory of our*
*Papa and Amma*



# K.O. Koshy
# and
# Saramma Koshy
## Thazhathedath Manimala

*By Beloved*
## Children and Grandchildren

# ജഢിക ആയുധങ്ങളും ആത്മീയായുധങ്ങളും



